"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - ആലപ്പുഴ ജില്ലയിലെ ചേർത്തല മുട്ടം സെന്റ് മേരീസ് ഫൊറെയ്ൻ ചർച്ച് സ്കൂൾസ് മാനേജ്മെന്റിന് കീഴിലുള്ള ഹോളി ഫാമിലി എച്ച്.എസ്.എസ് ലെ എച്ച്.എസ്.ടി (ഹിന്ദി) ശ്രീ. ശ്രീഹരി വി സമർപ്പിച്ചിട്ടുള്ള റിവിഷൻ ഹർജി തീർപ്പാക്കിയും WP(C) No.13674/2025 മേലുള്ള 03.04.2025 ലെ വിധിന്യായം നടപ്പിലാക്കിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.10141/2025/GEDN തീയതി,തിരുവനന്തപുരം, 11-12-2025

---

പരാമർശം:- 1) ആലപ്പുഴ ജില്ലയിലെ ഹോളി ഫാമിലി എച്ച്.എസ്.എസ് ലെ എച്ച്.എസ്.ടി (ഹിന്ദി) ശ്രീ. ശ്രീഹരി വി 30.03.2025 തീയതി സമർപ്പിച്ചിട്ടുള്ള റിവിഷൻ ഹർജി

2) WP(C) No.13674/2025 നമ്പർ കേസിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 03.04.2025 ലെ വിധിന്യായം.

3) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19.05.2025 ലെ ഇസി1/8082/2025/ഡിജിഇ. നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ ചേർത്തല മുട്ടം സെന്റ് മേരീസ് ഫൊറെയ്ൻ ചർച്ച് സ്കൂൾസ് മാനേജ്മെന്റിന് കീഴിലുള്ള ഹോളി ഫാമിലി എച്ച്.എസ്.എസ് ലെ എച്ച്.എസ്.ടി (ഹിന്ദി) ശ്രീ. ശ്രീഹരി.വി, ടി മാനേജ്മെന്റിന് കീഴിലെ സ്കൂളുകളിലെ തന്റെ 12.02.2002 മുതൽ 27.03.2003 വരെയുള്ള ഫുൾ ടൈം മീനിയൽ തസ്തികയിലെ നിയമനവും 01.06.2017 മുതൽ 26.10.2017 വരെയുള്ള എച്ച്.എസ്.ടി (ഹിന്ദി) തസ്തികയിലെ നിയമനവും അംഗീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയും തുടർന്ന് ബഹു. ഹൈക്കോടതിയിൽ WP(C) No.13674/2025 പ്രകാരം കേസ് ഫയൽ ചെയ്യുകയുമുണ്ടായി. പ്രസ്തുത കേസ് പരിഗണിച്ച ബഹു. കോടതി 03.04.2025 ലെ പരാമർശം (2) വിധിന്യായത്തിൽ, എക്സിബിറ്റ് പി12 റിവിഷൻ ഹർജിയിൽ പരാതിക്കാരനെ നേരിൽ കേട്ട് വിധിപ്പകർപ്പ് ലഭിച്ച് നാലു മാസത്തിനകം തീരുമാനമെടുക്കണമെന്ന് ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരനെയും മറ്റു കക്ഷികളെയും 21.05.2025 ന് നേരിൽ കേൾക്കുകയുണ്ടായി.

2. പരാതിക്കാരന്റെയും മാനേജരുടെയും വാദങ്ങൾ ചുവടെ പറയും പ്രകാരമാണ്:-

"ഹർജിക്കാരനെ ചേർത്തല സെന്റ് മേരീസ് എച്ച്.എസ് ൽ ഫുൾ ടൈം മീനിയൽ ആയി 12.02.2002 ൽ ശ്രീ.വർഗ്ഗീസ്.വി.എസ് ന്റെ സ്ഥാനക്കയറ്റ ഒഴിവിൽ നിയമിച്ചെങ്കിലും,

പ്രൊമോട്ടിയുടെ നിയമനം അംഗീകരിച്ച 28.03.2003 മുതൽ മാത്രമാണ് അംഗീകാരം ലഭിച്ചത്. എന്നാൽ പ്രൊമോട്ടിയുടെ നിയമനം നിയമന തീയതി മുതൽ ചെങ്ങന്നൂർ ആർ.ഡി.ഡി അംഗീകരിച്ച് ഉത്തരവായിട്ടുള്ളതിനാൽ ഹർജിക്കാരന്റെ 12.02.2002 മുതൽ 27.03.2003 വരെയുള്ള ഫുൾ ടൈം മീനിയൽ തസ്തികയിലെ നിയമനം അംഗീകരിക്കേണ്ടതാണ്. ചേർത്തല സെന്റ് മേരീസ് എച്ച്.എസ് ലെ ഹർജിക്കാരന്റെ 01.07.2004 ലെ എൽ.ജി ഹിന്ദി അധ്യാപക നിയമനത്തിനും, ഹോളി ഫാമിലി എച്ച്.എസ്.എസ് ലെ 01.06.2015 മുതൽ 31.07.2017 വരെയുള്ള എച്ച്.എസ്.ടി (ഹിന്ദി) തസ്തികയിലെ ലീവ് വേക്കൻസിയിലെ നിയമനത്തിനും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഹോളി ഫാമിലി എച്ച്.എസ്.എസ് ലെ 01.06.2017 മുതൽ 31.05.2019 വരെ ഹർജിക്കാരന്റെ എച്ച്.എസ്.ടി (ഹിന്ദി) ആയുള്ള പുനർ നിയമനം, ഹർജിക്കാരനെ നിയമിച്ച മാനേജർക്ക് അംഗീകാരം ലഭിച്ചത് 27.10.2017 മുതൽ ആയതിനാൽ 01.06.2017 മുതൽ 26.10.2017 വരെയുള്ള നിയമനം അംഗീകരിച്ചില്ല. ടി തസ്തികയിൽ ജോലി ചെയ്യുമ്പോൾ 01.06.2018 മുതൽ ഒരു സ്ഥിരം ഒഴിവിൽ നിയമിക്കുകയും ആയതിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ മാനേജ്മെന്റ് മാറ്റം പരിഗണിക്കാതെ ചട്ടം 43 അവകാശം പരിഗണിച്ച്, ഹോളി ഫാമിലി എച്ച്.എസ്.എസ് ലെ ഹർജിക്കാരന്റെ 01.06.2017 മുതൽ 26.10.2017 വരെയുള്ള എച്ച്.എസ്.ടി (ഹിന്ദി) തസ്തികയിലെ നിയമനം അംഗീകരിക്കേണ്ടതാണ്."

3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, ചേർത്തല മുട്ടം സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിൽ ഫുൾ ടൈം മീനിയൽ ആയിരുന്ന ശ്രീ. വർഗ്ഗീസ്.വി.എസ് ന്റെ 11.02.2002 മുതലുള്ള ലാബ് അസിസ്റ്റന്റായുള്ള സ്ഥാനക്കയറ്റ ഒഴിവിൽ ശ്രീ. വി ശ്രീഹരിയെ 12.02.2002 മുതൽ കോർപ്പറേറ്റ് മാനേജർ നിയമിച്ചു. എന്നാൽ ടി നിയമനത്തിന് ആധാരമായ ശ്രീ. വർഗ്ഗീസ്.വി.എസ് ന്റെ ലാബ് അസിസ്റ്റന്റ് നിയമനം 28.03.2003 മുതൽ മാത്രം അംഗീകരിച്ച് നൽകിയിരുന്നതിനാൽ ശ്രീ വി. ശ്രീഹരിയുടെ ഫുൾടൈം മീനിയൽ ആയുള്ള നിയമനവും 28.03.2003 മുതൽ 30.06.2004 വരെ ശമ്പള സ്കെയിലിൽ അംഗീകരിച്ചു നൽകി. സ.ഉ (കൈ) നം. 146/2018/പൊ.വി.വ തീയതി 08.10.2018 പ്രകാരം ശ്രീ.വർഗ്ഗീസ്.വി.എസ് ന്റെ ലാബ് അസിസ്റ്റന്റായുള്ള നിയമനം ടിയാന്റെ നിയമന തീയതിയായ 11.02.2002 മുതൽ ചേർത്തല മുട്ടം ഹോളി ഫാമിലി എച്ച്.എസ്.എസ് ൽ പുനഃക്രമീകരിച്ച് ഉത്തരവായിട്ടുണ്ട്. അയതിനാൽ ടി സ്ഥാനക്കയറ്റ ഒഴിവിൽ നിയമിതനായ ശ്രീ.വി.ശ്രീഹരിയുടെ ഫുൾ ടൈം മീനിയൽ ആയുള്ള നിയമനവും നിയമന തീയതിയായ 12.02.2002 മുതൽ അംഗീകരിച്ചു നൽകാവുന്നതാണ്. ശ്രീമതി.ജെസമ്മ.പി.സി, എച്ച്.എസ്.റ്റി (ഹിന്ദി) 01.06.2015 മുതൽ 31.05.2017 വരെ ശൂന്യവേതനാവധി എടുത്ത ഒഴിവിൽ ചട്ടം 43 അവകാശിയും ടി മാനേജ്മെന്റിൽ എൽ.ജി (ഹിന്ദി) തസ്തികയിൽ നിയമനാംഗീകാരത്തോടെ സേവനം ചെയ്തു വന്നിരുന്നതുമായ ശ്രീ.ശ്രീഹരി വി യെ സ്ഥാനക്കയറ്റം നൽകി നിയമിച്ചു. ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയിട്ടുണ്ട്. ശ്രീമതി ജെസമ്മ.പി.സി 01.06.2017 മുതൽ 31.05.2019 വരെ വീണ്ടും ശൂന്യവേതനാവധി എടുത്തതിനാൽ ശ്രീ.ശ്രീഹരി.വി യെ വീണ്ടും എച്ച്.എസ്.റ്റി (ഹിന്ദി) തസ്തികയിൽ നിയമിച്ചു. എന്നാൽ ടി നിയമനം സെന്റ് മേരീസ് കോർപ്പറേറ്റ് മാനേജരുടെ നിയമനം അംഗീകരിക്കാത്തതിനാലും നിയമന ശുപാർശ അപൂർണ്ണമായതിനാലും ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകിയിരുന്നു. ഈ ഉത്തരവിനെതിരെ സമർപ്പിച്ച റിവിഷൻ അപ്പീൽ മാനേജരുടെ നിയമനം അംഗീകരിച്ച തീയതിയായ 27.10.2017 പ്രാബല്യത്തിൽ അംഗീകരിച്ചു നൽകുവാൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയിട്ടുണ്ട്.

4. ഹിയറിംഗിൽ ഉയർന്ന വാദഗതികളുടേയും ലഭ്യമായ റിപ്പോർട്ടുകളുടേയും നിലവിലുള്ള ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീ.വർഗ്ഗീസ്.വി.എസ് ന്റെ 11.02.2002 മുതലുള്ള ലാബ് അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റ ഒഴിവിലാണ് ശ്രീ. വി ശ്രീഹരിയെ 12.02.2002 മുതൽ ഫുൾടൈം മീനിയലായി നിയമിച്ചിട്ടുള്ളത്. ശ്രീ.വർഗ്ഗീസ്. വി.എസ് ന്റെ നിയമനം 28.03.2003 മുതൽ മാത്രം അംഗീകരിച്ചതിനാൽ ശ്രീ. വി.ശ്രീഹരിയുടെ നിയമനവും 28.03.2003 മുതൽ 30.06.2004 വരെ ശമ്പള സ്കെയിലിൽ അംഗീകരിച്ചു നൽകുകയുണ്ടായി. ടി നിയമനം 12.02.2002 മുതൽ അംഗീകരിക്കണമെന്നതാണ് ഹർജിക്കാരന്റെ ആദ്യത്തെ ആവശ്യം. ടി സ്കൂളിലെ എച്ച്.എസ്.റ്റി (ഹിന്ദി) ആയ ശ്രീമതി. ജെസമ്മ.പി.സി 01.06.2015 മുതൽ 31.05.2017 വരെ ശൂന്യവേതനാവധി എടുത്ത ഒഴിവിലെ ശ്രീ.ശ്രീഹരി വി യുടെ നിയമനം അംഗീകരിച്ചു നൽകിയിട്ടുണ്ട്. ശ്രീമതി ജെസമ്മ.പി.സി 01.06.2017 മുതൽ 31.05.2019 വരെ ശൂന്യവേതനാവധി ദീർഘിപ്പിച്ചതിനാൽ ശ്രീ.ശ്രീഹരി.വി യെ വീണ്ടും എച്ച്.എസ്.റ്റി (ഹിന്ദി) തസ്തികയിൽ നിയമിച്ചു. എന്നാൽ മാനേജരുടെ നിയമനം അംഗീകരിക്കാത്തതിനാലും നിയമന ശുപാർശ അപൂർണ്ണമായതിനാലും ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയുണ്ടായി. തുടർന്ന് മാനേജരുടെ നിയമനം അംഗീകരിച്ച തീയതിയായ 27.10.2017 പ്രാബല്യത്തിൽ നിയമനം അംഗീകരിച്ചു നൽകിയിട്ടുണ്ട്. നിയമന തീയതിയായ 01.06.2017 മുതൽ അംഗീകാരം നൽകണമെന്നതാണ് ഹർജിക്കാരന്റെ രണ്ടാമത്തെ ആവശ്യം.

5. ശ്രീ.വർഗ്ഗീസ്. വി.എസ് ന്റെ സ്ഥാനക്കയറ്റ നിയമനം 08.10.2018 ലെ സ.ഉ (കൈ) നം. 146/2018/പൊ.വി.വ പ്രകാരം നിയമന തീയതിയായ 11.02.2002 മുതൽ അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ഒഴിവ് വ്യവസ്ഥാപിതമായതിനാൽ ശ്രീ. വി. ശ്രീഹരിയുടെ ഫുൾ ടൈം മീനിയൽ തസ്തികയിലെ നിയമനം നിയമന തീയതിയായ 12.02.2002 മുതൽ അംഗീകരിച്ചു നൽകുന്നതിനും, 01.06.2015 മുതൽ 31.05.2017 വരെയുള്ള ശൂന്യവേതനാവധി ഒഴിവിലെ ശ്രീ. വി. ശ്രീഹരിയുടെ നിയമനം അംഗീകരിച്ചിട്ടുള്ളതിനാലും ടിയാൻ ചട്ടം 43 അവകാശി ആയതിനാലും ശ്രീമതി ജെസമ്മ പി.സി ശൂന്യവേതനാവധി ദീർഘിപ്പിച്ചതിനെ തുടർന്നുണ്ടായിട്ടുള്ള എച്ച്.എസ്.റ്റി (ഹിന്ദി) തസ്തികയിലെ വ്യവസ്ഥാപിത ഒഴിവിലെ ഹർജിക്കാരന്റെ നിയമനം, മാനേജർക്ക് അംഗീകാരമില്ലാതിരുന്ന കാലം, ഈ നിയമനത്തിന് വേണ്ടി മാത്രം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് മാനേജരുടെ ചുമതല നൽകി നിയമന തീയതിയായ 01.06.2017 മുതൽ തന്നെ അംഗീകരിച്ചു നൽകുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി, ശ്രീ. ശ്രീഹരി വി സമർപ്പിച്ചിട്ടുള്ള റിവിഷൻ ഹർജി തീർപ്പാക്കിയും അപ്രകാരം പരാമർശം (2) വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR D
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, ആലപ്പുഴ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചേർത്തല
കോർപ്പറേറ്റ് മാനേജർ, സെന്റ് മേരീസ് ഫൊറെയ്ൻ ചർച്ച സ്കൂൾസ്, മുട്ടം,

ചേർത്തല, ആലപ്പുഴ.

ശ്രീ. ശ്രീഹരി.വി, എച്ച്.എസ്.ടി (ഹിന്ദി), ഹോളി ഫാമിലി എച്ച്.എസ്.എസ്, മുട്ടം

ചേർത്തല, ആലപ്പുഴ-688 524.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളം

നോഡൽ ഓഫീസർ, കൈറ്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Shajahan. S

Date: 15-12-2025 09:33:37

സെക്ഷൻ ഓഫീസർ